മൂടാടിയിലെ കെൽട്രോൺ ഫാക്ടറി

683. [959] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൂടാടിയിലെ കെൽട്രോൺ ഫാക്ടറിയിൽ ഇതേവരെ എത്ര ടെലിവിഷൻ സെറ്റുകൾ നിർമ്മിച്ചു ;

(ബി) പുതുതായി എന്തെല്ലാം വികസന പരിപാടികളാണ് ഈ ഫാക്ടറിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇതേവരെ 12,231 ടെലിവിഷൻ സെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ടി. വി. സെറ്റുകൾ വൻതോതിൽ ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു ആധുനിക ഫാക്ടറി ഇവിടെ സ്ഥാപിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ കെൽട്രോൺ ടി. വി.

684. [960] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കെൽട്രോൺ ടി. വി. സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വനഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക്

685. [963] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം ജില്ല തിരിച്ച് എത്ര ഏക്കർ വീതം എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

റവന്യൂ ജില്ല തിരിച്ചുള്ള വനവിസ്തൃതി ലഭ്യമല്ല. വന ഡിവിഷനുകളുടെയും റവന്യൂ ജില്ലകളുടേയും അതിരുകളിൽ താദാത്മ്യം ഇല്ലാത്തതിനാൽ ഓരോ റവന്യൂ ജില്ലയിലും എത്ര വനഭൂമിയുണ്ടെന്ന് കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. പല വന ഡിവിഷനുകളും രണ്ടോ മൂന്നോ റവന്യൂ ജില്ലകളിൽപ്പെടുന്നുണ്ട്.

വനസംരക്ഷണ നടപടി

686. [964] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വന സംരക്ഷണത്തിന് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനും കൂടുതൽ നവീന സജ്ജീകരണങ്ങളും സാമഗ്രികളും വാങ്ങിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.
(ബി) ഇക്കാര്യത്തിൽ അവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

കൃത്രിമ രേഖയുണ്ടാക്കി വനഭൂമി പതിച്ചു വാങ്ങുന്നതായി പരാതി

687. [967] ശ്രീ. എ. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഒ. രേതൻ :
,, സി. കെ. തങ്കപ്പൻ :
,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമ രേഖയുണ്ടാക്കി വനഭൂമി പതിച്ചുവാങ്ങുന്നതായുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
(ബി) വയനാട് ജില്ലയിലെ കുറിച്യർ എന്ന പട്ടിക വർഗ്ഗക്കാരുടെ പേരിൽ തടി വ്യാപാരികളും വനഭൂമി പതിച്ചു വാങ്ങിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
(സി) ഇതിനെപ്പറ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;
(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണു സർക്കാർ സ്വീകരിച്ചത് ?

ഉത്തരം

(എ, ബി) പത്രക്കുറിപ്പുകളും വഴി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(സി) ഹൈക്കോടതിയുടെ ഒരു നിർദ്ദേശവും ഇതുവരെ ലഭിച്ചിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുത്ത വനഭൂമി

688. [968] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24-നു ശേഷം സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കു വനഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ; ആകെ എത്ര ഹെക്ടർ ?

ഉത്തരം

(എ, ബി) സ്വകാര്യ വ്യക്തികൾക്കു പതിച്ചുകൊടുക്കുവാൻ 458.3242 ഹെക്ടർ വനഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

കോടഞ്ചേരി വില്ലേജിലെ വനഭൂമി

689. [969] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ കോടഞ്ചേരി വില്ലേജിൽ ജീരകപ്പാറ മലവാരത്ത് എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമിയുണ്ട് ;
(ബി) വനം ദേശസാൽക്കരണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പ്രസ്തുത വനം ആരുടേതായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly